നം. ICDS A1/8621/19

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
ഫോൺ: 0471-2346508
ഇ.മെയിൽ : swdicds@gmail.com
തീയതി: 31.12.2020

ഡയറക്ടർ,
വനിതാ ശിശു വികസന വകുപ്പ്,

എല്ലാ ജില്ല പ്രോഗ്രാം ഓഫീസർമാർക്കും,
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

സർ,

വിഷയം : വനിത ശിശു വികസന വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി- 2019-20 സാമ്പത്തിക വർഷത്തെ പ്രീസ്കൂൾ കിറ്റ്, കണ്ടിജൻസി സാധനങ്ങൾ, അങ്കണവാടികളിലേക്കുള്ള ഫർണിച്ചർ വാങ്ങൽ - തുക വിനിയോഗം സംബന്ധിച്ച്.

സൂചന : 1. 27.08.2020, 28.09.2020 തീയതികളിലെ ഇതേ നമ്പർ ഉത്തരവ്

2. 27.08.2020 തീയതിയിലെ ICDS A1/8622/19 നമ്പർ ഉത്തരവ്.

3. 03.08.2020 തീയതിയിലെ ICDS A1/16577/19 നമ്പർ ഉത്തരവ്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ പ്രീസ്കൂൾ കിറ്റ്, കണ്ടിജൻസി, ഫർണിച്ചർ എന്നിവ വാങ്ങുന്നതിന് വിവിധ ICDS പ്രോജക്ടുകൾക്ക് സൂചന ഉത്തരവുകൾ പ്രകാരം അനുമതിയും ഫണ്ടും അനുവദിച്ചിരുന്നു. വിവിധ ഘടകങ്ങൾക്ക് അനുവദിച്ച തുക സ്റ്റോർ പർച്ചേസ് റൂളിലെ വ്യവസ്ഥകൾ പാലിച്ച് വിനിയോഗിച്ചുവെങ്കിലും പല ICDS പ്രോജക്ടുകളിലും ബാലൻസ് തുക അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

ടി സാഹചര്യത്തിൽ സൂചന ഉത്തരവ് പ്രകാരം അനുവദിച്ച ആവശ്യങ്ങൾക്ക് വാങ്ങൽ നടപടി പൂർത്തീകരിച്ചതിനുശേഷവും കൂടുതൽ തുക അവശേഷിക്കുന്ന പക്ഷം ടി തുക വിനിയോഗിച്ച് അങ്കണവാടികൾക്ക് കൂടുതൽ പ്രീസ്കൂൾ കിറ്റ്/ കണ്ടിജൻസി/ ഫർണിച്ചർ സാധനങ്ങൾ നിലവിലെ ചട്ടങ്ങൾ പാലിച്ച് വാങ്ങാവുന്നതാണെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി**